## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 3256 — 19/06/2019-ൽ മറുപടിയ്ക്ക്

## പുഴക്കാട്ടിരി സി.എച്ച്.സി യുടെ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | പുഴക്കാട്ടിരി സി.എച്ച്.സി.യുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) & ബി) | ആരോഗ്യ വകുപ്പിന്റെ അനുവാദം വാങ്ങി പുഴക്കാട്ടിരി സി.എച്ച്.സി യിലെ പഴയ കെട്ടിടം പൊളിക്കാനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത് പുഴക്കാട്ടിരി മെഡിക്കൽ ഓഫീസർ ആണ്. നിലവിലെ പഴയ കെട്ടിടം പൂർണമായും പൊളിച്ചു മാറ്റാത്തതാണ് പുതിയ കെട്ടിടം നിർമ്മാണം വൈകാൻ കാരണം. ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും പൊളിക്കാനുള്ള അനുമതി ലഭിച്ചത് 18.06.2018 ലാണ്. എച്ച്.എം.സി യുടെ അനുമതി ലഭിച്ചത് 01.09.2018 ലാണ്. പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരൻ എഗ്രിമെന്റ് വെച്ചിട്ടുണ്ട്. |
| ബി) | ഇതിനായി ഭരണാനുമതി ലഭിച്ചിട്ടും നടപടികളൊന്നും സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ ; | | |
| സി) | ഭരണാനുമതി ഉത്തരവിന്റെ കാലാവധി പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭരണാനുമതി പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | സി) | പൂർത്തിയായിട്ടുണ്ട്. ഭരണാനുമതി പുതുക്കി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ഡി) | അടിയന്തരമായി കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | ഡി) | അടിയന്തിരമായി പ്രവൃത്തി തുടങ്ങാൻ കരാറുകാരനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ